# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

നിയമസഭാ ചോദ്യം നം. 425 **21.03.2018-ൽ മറുപടിയ്ക്ക്**

ആയുർവേദത്തിന് അന്തർദ്ദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും

| ചോദ്യം<br>ശ്രീ. എം. ഉമ്മർ<br>ശ്രീ. മഞ്ഞളാംകുഴി അലി<br>ശ്രീ. അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആയുർവേദത്തെ തെളിവധിഷ്ഠിതമായി ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനും മരുന്നുകൾ സ്റ്റാൻഡേർഡൈസ് ചെയ്യുന്നതിനും ആധുനിക ബയോടെക്നോളജിയുമായി ആയുർവേദത്തെ ബന്ധപ്പെടുത്തിയുള്ള ഗവേഷണങ്ങൾക്കും വേണ്ടി അന്തർദേശീയ നിലവാരമുള്ള ലബോറട്ടറിയും പഠനകേന്ദ്രവും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ഇന്റർനാഷണൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദ (IRIA) എന്ന പേരിൽ സ്ഥാപിക്കുന്ന പ്രസ്തുത സ്ഥാപനത്തിന് കണ്ണൂർ ജില്ലയിൽ കല്യാട് വില്ലേജിൽ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നാഷണൽ ആയുഷ് മിഷനെയാണ് IRIA സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള ഇംപ്ലിമെന്റിങ് ഏജൻസിയായി തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; ആയത് തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ? | (ബി) | പ്രസ്തുത പദ്ധതിക്ക് 2016-17 ൽ 20 ലക്ഷം രൂപ അനുവദിച്ചിരുന്നു. 2017-18 ൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.. ഡി.പി.ആർ തയ്യാറാക്കുന്നതിന് വേണ്ടി സർക്കാർ ഏജൻസികളെ കണ്ടെത്താൻ Expression of Interest വിളിച്ചുകഴിഞ്ഞു. അവരിൽ നിന്നും അനുയോജ്യമായ ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനുള്ള പ്രക്രിയ നടന്നു വരുന്നു. |
| (സി) | പ്രസ്തുത റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ